പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 80 　　　　7-02-2013-ൽ മറുപടിക്ക്

# പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം

**ചോദ്യം**

ശ്രീ. ബി. സത്യൻ
ശ്രീ. സി. കൃഷ്ണൻ
ശ്രീ. ആർ രാജേഷ്
ശ്രീ. പുരുഷൻ കടലുണ്ടി

**ഉത്തരം**

കുമാരി പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യ വും,
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ കുടുംബ ങ്ങൾക്കും വീട് നൽകുന്നതിനും പുനരധിവാസം നടപ്പിലാക്കാനുമായി പദ്ധതികൾ പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകുമോ ; | എ) പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ മുതൽ 5 ഏക്കർ വരെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂമി വിതരണം നടത്തി ഭവന നിർമ്മാണം ഉൾപ്പെടെ അവർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും സുസ്ഥിര സാമ്പത്തിക വികസനത്തിനുമുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി 2001-ൽ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കപ്പെട്ടത് സർക്കാർ ഉത്തരവ് നമ്പർ പി-63/2001/പജപവവിവ തീയതി 9-11-2001 പ്രകാരമായിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്, കോർപ്പസ് ഫണ്ട്, 13-ാം ധന കാര്യ കമ്മീഷന്റെ ഭാഗമായി പ്രത്യേക ദുർബ ലഗോത്ര വിഭാഗക്കാരുടെ സമഗ്ര വികസന ത്തിന് അനുവദിച്ച 148 കോടി രൂപ ഉപ യോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി എന്നിവ യിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗക്കാർ ക്കായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. പുറമെ തദ്ദേശ |

| | |
|---|---|
| | സ്വയംഭരണ സ്ഥാപനങ്ങളുടെ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരവും പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) വിലയിരുത്തിയിട്ടുണ്ട്.<br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം 2002 ജനുവരി 1 മുതൽ ഭൂമി നൽകിയുള്ള പുനരധിവാസ പദ്ധതി ആരംഭിച്ചു. നാളിതുവരെയുള്ള പ്രവർത്തന ഫലമായി കാസർഗോഡ്. കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലായി 6800 കുടുംബങ്ങൾക്ക് 8966.34 ഏക്കർ ഭൂമി ഇതുവരെ വിതരണം ചെയ്തു. വിശദ വിവരങ്ങൾ അനുബന്ധം 2-ൽ കാണാവുന്നതാണ്. പതിച്ചു നൽകിയ ഭൂമിയിൽ മറ്റു വകുപ്പുകളുടേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഏകോപനത്തോടെ വ്യാപകമായി പുനരധിവാസ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. 2,50,000/- രൂപ വീതം (നിലവിലുള്ള നിരക്ക്) ഭവന നിർമ്മാണത്തിന് അനുവദിക്കുന്നതോടൊപ്പം ഭൂവികസനത്തിനും, കാർഷിക പ്രവർത്തനങ്ങൾക്കും, റോഡ്, കുടിവെള്ളം തുടങ്ങിയവയ്ക്കും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം സംബന്ധിച്ചു ഇതുവരെയുള്ള പുരോഗതി വിവരം സൂചിപ്പിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം 3 ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം 803 വീടുകളുടേയും 2011-12 സാമ്പത്തിക വർഷം അനുവദിച്ചു പൂർത്തിയാകാനുള്ള 1200 വീടുകളുടെ നിർമ്മാണവും നടന്നു വരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായ പ്രത്യേക ഗോത്ര വിഭാഗക്കാരുടെ സമഗ്ര വികസനത്തിന് അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ 1663 വീടുകളുടെ നിർമ്മാണവും നടന്നു വരുന്നു. |

| | |
|---|---|
| സി) പദ്ധതി ലക്ഷ്യം നേടിയതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി പ്രവർത്തനങ്ങൾ തുടർന്ന് വരികയാണ്. ടി മിഷൻ രൂപീകരിക്കുന്ന വേളയിൽ 4 ഘട്ടങ്ങളിലായുള്ള പുനരധിവാസ പരിപാടികളാണ് നിശ്ചയിച്ചിരുന്നത്. അതിൽ ഒന്നാം ഘട്ടമായിരുന്ന 'ലഭ്യമായ റവന്യു ഭൂമിയും നിയമ തടസ്സങ്ങളില്ലാത്ത മറ്റു ഭൂമികളുടേയും വിതരണവും' രണ്ടാം ഘട്ടമായ 'വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും പക്കൽനിന്ന് ലഭ്യമാകുന്ന ഭൂമിയുടെ വിതരണം' എന്നിവ ഏറെക്കുറെ ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു. തുടർഘട്ടങ്ങളായുള്ള ഭൂമി വിതരണത്തിന്റേയും പുനരധിവാസ മേഖലകളിൽ മെച്ചപ്പെട്ട ജീവിത സൗകര്യം ഒരുക്കുന്നതിനായുള്ള പദ്ധതികളുടേയും തുടർ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് - ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(പി)നം.63/2001/പ.ജ.പ.വ.വി.വ | തിരുവനന്തപുരം, തീയതി 09.11.2001

ഉത്തരവ്

സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ച് ഏക്കർവരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടി സർക്കാർ ആദിവാസി പുനരധിവാസ വികസന മിഷൻ താഴെ വിവരിക്കുന്ന പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

**ഉന്നതാധികാര മിഷൻ കമ്മിറ്റി**

ആദിവാസി പുനരധിവാസവികസന മിഷന്റെ പ്രവർത്തനത്തിനാവശ്യമായ നയപരമായ കാര്യങ്ങളിലും പ്രോജക്ടുകളുടെ അംഗീകാരത്തിനും മിഷൻ പ്രവർത്തനങ്ങൾക്ക് ഫീൽഡ് തലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും മറ്റുമായി ചീഫ് സെക്രട്ടറി ചെയർമാനായും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനും കൺവീനറുമായും, വനം, റവന്യൂ, ആസൂത്രണം, ഗ്രാമവികസനം, ഭക്ഷ്യ-പൊതുവിതരണം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, തദ്ദേശ സ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യക്ഷേമം, നിയമം, പൊതുവിദ്യാഭ്യാസം, കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ, ലാന്റ് റവന്യൂ കമ്മീഷണർ, നിക്ഷിപ്ത വനഭൂമിയുടെ കസ്റ്റോഡിയൻ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളുമായി ഒരു ഉന്നതാധികാര മിഷൻ കമ്മിറ്റി ഉണ്ടായിരിക്കും.

ഈ കമ്മിറ്റി ഇടക്കിടെ കഴിയുന്നത്ര തവണ യോഗം കൂടുകയും ഭൂമിയുടെ ലഭ്യത അവലോകനം ചെയ്യുകയും, ആദിവാസികളുടെ പുനരധിവാസം, തൊഴിൽ, സാമ്പത്തിക വിദ്യാഭ്യാസ/സാമൂഹിക വികസനം തുടങ്ങി ഓരോ വികസന പരിപാടികളും കാര്യക്ഷമമായി സംവിധാനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട തീരുമാനങ്ങൾ എടുക്കുകയും ചെയ്യേണ്ടതാണ്. ആദിവാസി ക്ഷേമത്തിനായുള്ള പരിപാടികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്ലാനിംഗ് ബോർഡിനെ സഹായിക്കുന്നതും നടപ്പാക്കുന്നത് ത്വരിതപ്പെടുത്തുന്നതും ഈ കമ്മിറ്റിയുടെ ചുമതലയാണ്. ഈ കാര്യങ്ങളിൽ കമ്മിറ്റിയംഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഉത്തരവാദിത്വങ്ങൾ ഉണ്ടായിരിക്കും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സത്വരമായി ഉന്നതാധികാര മിഷൻ കമ്മിറ്റിയിൽ കൂട്ടായി ചർച്ച ചെയ്തു കാര്യങ്ങൾ ആസൂത്രണം ചെയ്യുകയും സമന്വയിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഉന്നതാധികാര കമ്മിറ്റിയുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനും ഫീൽഡ് തലത്തിൽ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നിയന്ത്രണത്തിനും വേണ്ടി ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

സംസ്ഥാനതല മിഷന്റെ ആദ്യ ഘടന

| | | | |
|---|---|---|---|
| 1. | ശ്രീ.പി.കെ.ശിവാനന്ദൻ<br>പ്രിൻസിപ്പൽ സെക്രട്ടറി<br>പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് | | മിഷൻ ചീഫ് |
| 2. | ശ്രീ.വി.എസ്.വർഗ്ഗീസ്<br>മുഖ്യവനപാലകൻ (സംരക്ഷണം) | | മെമ്പർ<br>(വനം) |
| 3. | ശ്രീ.പി.സി.ജോൺ<br>ഐ.ജി. രജിസ്ട്രേഷൻ | - | മെമ്പർ<br>(ലാന്റ് അഡ്മിനിസ്ട്രേഷൻ) |
| 4. | ശ്രീ.കെ.അബ്ദുൾ അസ്സീസ്<br>ജോയിന്റ് സെക്രട്ടറി<br>ധനകാര്യവകുപ്പ്. | - | മെമ്പർ<br>(ധനകാര്യം) |
| 5. | ഡോ.സുരേന്ദ്രൻ<br>ജോയിന്റ് ഡയറക്ടർ<br>പി.പി.എം.സെൽ, കൃഷി വകുപ്പ് | - | മെമ്പർ<br>(കൃഷി) |
| 6. | ശ്രീ. ജോർജ്ജ് ജെയിംസ്<br>ജോയിന്റ് സെക്രട്ടറി<br>നിയമ വകുപ്പ് | - | മെമ്പർ<br>(നിയമം) |

2 മുതൽ 6 വരെയുള്ള ഉദ്യോഗസ്ഥന്മാരുടെ സേവനം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സംസ്ഥാന മിഷന് ലഭ്യമാക്കുന്നതിന് അനുമതി നൽകുന്നു.

കൂടാതെ പൊതുഭരണ സെക്രട്ടറിയേറ്റിലെ ഒരു ജോയിന്റ് സെക്രട്ടറി ഉന്നതാധികാര കമ്മിറ്റിയുടെയും സംസ്ഥാന മിഷന്റെയും സെക്രട്ടറി ആയിരിക്കും.

ജില്ലാതലത്തിൽ കളക്ടർ ചെയർമാനായും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, പ്രോജക്ട് ഓഫീസർ, ഡി.ആർ.ഡി.എ., ജില്ലാ കൃഷി ഓഫീസർ, പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളായി ജില്ലാ മിഷനുകൾ പ്രവർത്തിക്കുന്നതാണ്.

മിഷന്റെ പ്രവർത്തനങ്ങൾക്കായി പുതിയ പബ്ലിക് ഓഫീസ് കെട്ടിട സമുച്ചയത്തിലെ ഒന്നാം നില എ ബ്ലോക്കിൽനിന്നും ഓഫീസിന് ആവശ്യമായ സ്ഥലം വൈദ്യുതി - ജല സൗകര്യങ്ങൾ പൂർത്തീകരിച്ച് നല്കേണ്ടതാണ്. അതുവരെ മിഷന്റെ താത്ക്കാലിക പ്രവർത്തനത്തിനായി ലെജിസ്ലേറ്റർ കോംപ്ലക്സിലെ ഒഴിഞ്ഞ രണ്ട് മുറികൾ ബഹു. സ്പീക്കറുടെ അനുമതിയോടെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓംബുഡ്സ്മാൻ, ഭരണപരിഷ്ക്കാര കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ എന്നിവരിൽനിന്നും തിരിച്ചു കിട്ടിയിട്ടുള്ള വാഹനങ്ങൾ, കംപ്യൂട്ടർ, ഫർണിച്ചർ, ടെലിഫോൺ തുടങ്ങിയവയിൽ മിഷന്റെ ഉപയോഗത്തിനായി ആവശ്യമുള്ളവ ലഭ്യമാക്കേണ്ടതാണ്.

മിഷന്റെ പ്രവർത്തനഫലമായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയുമായി ബന്ധപ്പെട്ടുവരാവുന്ന കേസ്സുകൾ വിജയകരമായി കൈകാര്യം ചെയ്യുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഉപയുക്തമായ ഒരു സംവിധാനം കേരള അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്തു തീരുമാനിക്കുന്നതിനും ഉത്തരവാകുന്നു.

സംസ്ഥാന മിഷനിൽ പ്രവർത്തിക്കേണ്ട വിദഗ്ദ്ധരുടെ നിയമനം, ഓഫീസ് സംവിധാനം തുടങ്ങിയവയെക്കുറിച്ചും ജില്ലാ മിഷനുകളുടെ ഘടന, ലക്ഷ്യങ്ങൾ, അംഗങ്ങൾ പ്രവർത്തന രീതി മുതലായവയെക്കുറിച്ചും ഈ ഉത്തരവിനോടൊപ്പമുള്ള അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ന്യൂക്ലിയസ് ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചെലവഴിക്കാവുന്നതും ടി തുക റ്റി.എസ്.പി. ഫണ്ടിൽനിന്നും റീ-കൂപ്പ് ചെയ്യേണ്ടതുമാണ്. മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ കൂടുതൽ തുക ടി.എസ്സ്.പി. ഫണ്ടിൽനിന്നും ചെലവഴിക്കാവുന്നതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യാത്രപ്പടി മിഷൻ ഫണ്ടിൽനിന്നും വഹിക്കാവുന്നതാണ്.

ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനത്തിനാവശ്യമായ തുക ന്യൂ സർവ്വീസ് നടപടി പ്രകാരം ചെലവഴിക്കാവുന്നതും ആയതിലേയ്ക്ക് 1000 രൂപ ടോക്കൺ പ്രൊവിഷനായി വകകൊള്ളിക്കാനും ഉത്തരവാകുന്നു.

ആദിവാസി വികസന പ്രവർത്തനത്തിനുള്ള ചെലവുകൾക്ക് (ഭരണച്ചെലവുകൾ ഒഴികെ) ട്രഷറി നിയന്ത്രണം ബാധകമായിരിക്കില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.കൃഷ്ണമൂർത്തി
ചീഫ് സെക്രട്ടറി

To

1. ആദിവാസിപുനരധിവാസവികസന മിഷൻ സംസ്ഥാന മെമ്പർമാർ
2. എല്ലാ പ്രിൻസിപ്പൽ/സെക്രട്ടറിമാർക്കും
3. എല്ലാ വകുപ്പ് തലവൻമാർക്കും
4. അഡ്വക്കേറ്റ് ജനറൽ കേരളാ, എറണാകുളം (ആമുഖ കത്തു മുഖേന)
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
7. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
8. സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
9. ഡയറക്ടർ, ട്രഷറി വകുപ്പ്
10. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
13. അക്കൗണ്ട് ജനറൽ, (എ & ഇ/ആഡിറ്റ്) കേരളാ, തിരുവനന്തപുരം (ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നത്)
14. പൊതുഭരണ (എസ്.സി. വകുപ്പ്), ഐറ്റം നമ്പർ
15. ധനകാര്യ വകുപ്പ് (09.11.2001-ലെ 101534/ഡവ.1/01/ധന പ്രകാരം)
16. എസ്സ്.എഫ്/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

R. [signature]
സെക്ഷൻ ഓഫീസർ

## അനുബന്ധം

08.11.2001–ലെ ജി.ഒ.(പി)നം.63/2001/പ.ജ.പ.വ.വി.വ, തീയതി ഉത്തരവിന്റെ അനുബന്ധം

### വിദഗ്ദ്ധർ

മിഷന്റെ പ്രവർത്തനത്തിൽ സഹായിക്കുന്നതിനായി താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും ഓരോ വിദഗ്ധരെ നിയമിക്കാവുന്നതാണ്.

1. ഭൂമി പതിവ് തുടങ്ങിയ കാര്യങ്ങൾ
2. ആദിവാസി വികസനം
3. ആദിവാസി വനിതാ വികസനം
4. നിക്ഷിപ്ത വനം

### ജില്ലാമിഷൻ

സംസ്ഥാനതലത്തിലുള്ള മിഷന്റെ നയരൂപീകരണ പ്രവർത്തന മേഖലകളിലെത്തിക്കുന്നതിനായി അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് അതത് ജില്ലാ കളക്ടർ ചെയർമാനായും താഴെപ്പറയുന്നവർ അംഗങ്ങളായും ജില്ലാ മിഷൻ പ്രവർത്തിക്കുന്നതാണ്.

1. ജില്ലാ പോലീസ് സൂപ്രണ്ട്
2. ജില്ലാ പ്ലാനിംഗ് ഓഫീസർ
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറി
4. ജില്ലാ വനപാലകർ
5. ഡെപ്യൂട്ടി കളക്ടർ (ഭൂമി പതിവ്)
6. ജില്ലാ കൃഷി ഓഫീസർ
7. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ
8. ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)
9. പ്രോജക്ട് ഓഫീസർ (ഡി.ആർ.ഡി.എ.)
10. എക്സിക്യൂട്ടീവ് എഞ്ചിനിയർ (റോഡ്)
11. എക്സിക്യൂട്ടീവ് എഞ്ചിനിയർ (പാലം)
12. എക്സിക്യൂട്ടീവ് എഞ്ചിനിയർ (ജലസേചനം)
13. എക്സിക്യൂട്ടീവ് എഞ്ചിനിയർ (വാട്ടർ അതോറിറ്റി)
14. എക്സിക്യൂട്ടീവ് എഞ്ചിനിയർ (വൈദ്യുതി)
15. ജോയിന്റ് രജിസ്ട്രാർ (സഹകരണം)
16. ടൗൺ പ്ലാനർ
17. ജില്ലാ ഓഫീസർ (ഭൂഗർഭജലം)
18. ജില്ലാ സപ്ലൈ ഓഫീസർ
19. മാനേജർ (നബാർഡ്)
20. ലീഡ് ബാങ്ക് പ്രതിനിധി
21. ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ (എല്ലാവരും)
22. പ്രോജക്ട് ഓഫീസർ (ഐ.റ്റി.ഡി.പി) (എല്ലാവരും)

ഐ.റ്റി.ഡി.പി.യുടെ പ്രോജക്ട് ഓഫീസറെയോ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസറെയോ ജില്ലാ മിഷന്റെ കൺവീനറായി ജില്ലാ കളക്ടർ ചുമതലപ്പെടുത്തേണ്ടതാണ്.

അനുബന്ധം 2

## DETAILS OF LAND DISTRIBUTED UNDER TRDM AS ON 01.01.2013

| District | Location | Extent/ fa acre | No of families | Total (acre) | Type of land | Date |
|---|---|---|---|---|---|---|
| Kasargod | (Pattiyamela) | | 19 | 3.18 | (Pattayam) | 06.11.04 |
| | Kinanur | 1 | 50 | 70.25 | (Pattayam) | 17.12.04 |
| | Kunjathur | 1 | 45 | 50 | (Pattayam) | 18.12.2009 |
| | | | **114** | **123.43** | | |
| Wayanad | Kunnathidavaka | 1 | 39 | 39 | Revenue | 10.5.03 (earlier report was 40, one did not collect pattayam) |
| | Sugandhagiri | RR 5.00 | 305 | 1525 | Project land | July, 2004 |
| | Sugandhagiri | RR 2.00 | 30 | 60 | | Aug – Sep 2006 |
| | Sugandhagiri | RR 5.00 | 65 | 325 | | July 05 – Jan 06 |
| | Sugandhagiri | RR 1.00 | 22 | 22 | Project land | July – Oct 05 (earlier report was 23) |
| | Pookot | RR 5.00 | 34 | 170 | | 29.2.04 |
| | Pookot | | 8 | 40 | | July – Oct 2005 |
| | Pookot | RR 2.00 | 30 | 60 | | July - Oct 2005 |
| | Karapuzha | RR 0.75 | 84 | 63 | Project land given in possession to displaced families- document not given | 10.03.04 |
| | Karapuzha | RR 1.00 | 21 | 21 | | Oct-05 |
| | (Pattayamela) | | 23 | 1.9 | Surplus land | 29.10.04 & 30.10.04 |
| | Cheengeri | | 100 | 135 | Existing possession | 17.12.04 (earlier 151 acre was reported) |
| | Cheengeri | | 118 | | | Oct-05 |
| | | Surplus land | 43 | 35.14 | | 2008 |
| | | Revenue land pattayam | 75 | 29.56 | | 2008 |
| | | | **997** | **2526.6** | | |
| Kannur | *Pazhassi - Chavasseryparamb | 1.1 | 149 | 162.2 | Irrigation P | 23.3.02 |
| | *Koodali, Kolayad, Cheruvancherry, Kandamkunnu – Neerveli, Thrippangottur | 1 | 27 | 21.8 | Surplus land | October 2002 |
| | Surplus land dtn (1 acre each to10 fa given on 7.11.03 reduced from report of 29.10.04) | | 224 | 120.37 | Surplus land | 29.10.04 |
| | Alakkode | 1 | 57 | 57 | | 2005 |
| | Alakkode | 1 | 244 | 244 | | 2008 |
| | Aralam Farm I Phase | 1 | 751 | 751 | Revenue | 03.03.2006 |
| | II Phase | 1 | 1584 | 1584 | | 22.09.2007 |
| | III Phase | 1 | 138 | 138 | | 03.02.2011 |
| | IV Phase | | 549 | 549 | | 2011 - 2012 |
| | | | **3723** | **3627.37** | | |

| | | | | | | |
|---|---|---|---|---|---|---|
| Malappuram | Surplus land | | 61 | 46.38 | Surplus land | 11.12.04 |
| | | | **61** | **46.38** | | |
| Palakkad | Malampuzha II Village | | 10 | 4.44 | Surplus land | 29.11.04 |
| | | | **10** | **4.44** | | |
| Kozhikkode | Muthukad | 1 | 41 | 41 | Escheat land | 20.9.02 |
| | Vattachira Farm | 5 | 39 | 195 | Tribal Project | 10.4.03 |
| | Vattachira Farm | 5 | 6 | 30 | | 06.09.03 |
| | Vattachira Farm | 1 | 30 | 30 | | 06.09.03 |
| | Perambra | 1 | 202 | 202 | Revenue | 06.09.03 |
| | Perambra | 1 | 102 | 102 | | 22.02.04 |
| | | | **420** | **600** | | |
| Thrissur | Thalappilly | 0.25 | 20 | 5.68 | Revenue | 17.12.04 |
| | | | **20** | **5.68** | | |
| Ernakulam | Kuttampuzha | | 168 | 400 | Tribal settlement | 13.10.2002-14.10.2002 |
| | Neriamangalam | 0.1 - 0.2 | 128 | 18.9 | Agricultural Farm land | 17.12.04 |
| | | | **296** | **418.9** | | |
| Idukki | Marayoor | 1.5 | 242 | 363 | Revenue | 1.1.02 |
| | Kundala | 5 | 72 | 360 | Revenue | 1.1.02 |
| | Pooppara | 1 | 47 | 47 | Revenue | 16.4.02 |
| | Alakkode | 1 | 3 | 3 | Revenue | 7.10.02 |
| | Chinnakkanal - Sinkukandom | 1 | 301 | 301 | Revenue | 29.4.03 |
| | 80 - acre | 2.5 | 68 | 170 | | 28.4.03 |
| | Panthadikalam (Idukki Dt) | 1 | 32 | 32 | | 4.9.03 |
| | Panthadikalam (Kottayam Dt) | 1 | 30 | 30 | | 7.11.03 |
| | Suryanelli and Vilakku | 1 | 154 | 154 | | 26.12.03 |
| | | | **949** | **1460** | | |
| Alappuzha | *Cherthala | 25 cent | 33 | 7.62 | Surplus land | 6.2.03 |
| | (Pattayamela) | | 2 | 0.05 | (Pattayam) | 30.10.04 |
| | | | **35** | **7.67** | | |
| Kottayam | Madukka | 1 | 19 | 19 | Revenue | 12.10.02 |
| | | | **19** | **19** | | |
| Pathanamthitta | (Pattayamela) | | 14 | 1.39 | Record of Rights | 09.11.04 |
| | Thamarapally estate** | avg. 80 cents | 14 | 10.8 | Surplus land | 13.02.2007 |
| | | | **28** | **12.19** | | |
| Kollam | Kuroyottumala | | 114 | 100 | AH Dept Surplus land | 26.04.03 |
| | Kottarakkara (Mankode, Veliyam, Kummil and Chithra villages) | | 14 | 14.68 | | 26.04.03 |
| | | | **128** | **114.68** | | |
| | **Total** | | **6800** | **8966.34** | | |

ഒപ്പ്
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി

R.A.
[illegible]

## Status of house construction in resettlement sites of TRDM as on 01.01.2013

| District | Site | Number of houses sanctioned 2001-02 to 2006-07 | 2008-09 | 2009-10 & 10-11 | 2011-12 | 2012-13 | Total | Number of houses completed | No of houses in different stages | Houses not yet started | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | 7 (3+4+5+6) | 8 | 9 | 10 | 11 |
| Kasaragod | Kinanoor | | 43 | | | 1 | 89 | 43 | 1 | 0 | Construction by Nehru Yuva Kendra |
| | Kunjathur | | | 45 | | | | 45 | 0 | | Construction by KARE |
| Kannur | Pazhassi (Chavesseryparamba) | 139 | | | | | 139 | 139 | 0 | 0 | |
| | Koodali, Kolayad, Cheruvanchery | 17 | | | | | 17 | 3 | 6 | 8 | |
| | Aralam - KESNIK | | 400 | | | | 400 | 361 | 0 | 39 | Construction of 2557 houses entrusted with KESNIK during 2008. Later it was cancelled and decided to entrust the construction in respect of 400 houses only. They completed 361 houses. Balance amount refunded. |
| | Aralam - Beneficiaries | | | 291 | | 401 | 692 | 104 | 588 | 0 | |
| | Alakkode - Benificiaries | | | | 55 | 48 | 103 | 0 | 103 | 0 | |
| Wayanad | Sugandhagiri | 340 | | | | | 340 | 37 | 231 | 72 | Construction by Kalpetta Block Panchayath, Pozhuthana Grama Panchayath and by benificiaries |
| | Pookot | 98 | | | | | 98 | 11 | 27 | 60 | Funds for 26 houses for tribals placed placed by the Kerala Agricultural University. Works not started. Beneficiaries not identified |
| | Kunnathidavaka | 39 | | | | | 39 | | 14 | 25 | Construction of 21 houses by Keraleyam Samithi |
| | Karapuzha | 21 | | | | | 21 | | | 21 | |
| | Cheengeri | | | 197 | | | 197 | 117 | 73 | 7 | |
| Kozhikkode | Muthukad | 41 | | | | | 41 | 41 | | 0 | |
| | Vattachira | 62 | | | | | 62 | 39 | 23 | 0 | |
| Malappuram | Wandoor, Parur Kalikavu, | | 25 | | | | 25 | | | 25 | |
| Thrissur | | 20 | | | | | 20 | | | 20 | |
| Ernakulam | Neriyamangalam | 128 | | | | | 128 | | | 128 | |
| Idukki | Marayoor | 242 | | | | | 242 | 143 | 97 | 2 | |
| | Kundala | 71 | | | | | 71 | 35 | 12 | 24 | |
| | Poopara | 47 | | | | | 47 | 47 | | 0 | |
| | Alakkode | 3 | | | | | 3 | 2 | 1 | 0 | |
| | Chinnakkanal | 585 | | | | | 585 | 89 | 184 | 312 | |
| | Sinkukandom | | | | | 4 | 4 | | 4 | | |
| Kottayam | Madukka & Koruthodu | 19 | | | | | 19 | 19 | | 0 | |
| Alappuzha | Cherthala | 33 | | | | | 33 | 22 | 8 | 3 | |
| Kollam | | 128 | | | | | 128 | | 48 | 80 | |
| Total | | 2033 | 468 | 533 | 55 | 454 | 3543 | 1297 | 1420 | 826 | |

ഒപ്പ്
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി